(ബി) ചുരുങ്ങിയത് അഞ്ച് ഏക്കർ സ്ഥലത്ത് പരമാവധി 25 (ഇരുപത്തിയഞ്ച്) കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീട്, അനുബന്ധ സൗകര്യങ്ങൾ, കോളനിയിലേക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷി ഫാം, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വയംപര്യാപ്ത കോളനി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) മാതൃകാ കോളനി സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഓരോ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകൾ നിർമ്മിക്കുന്ന പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്.

(ഡി) 125 വീടുകൾ നിർമ്മിക്കുന്നതിന് വീട് ഒന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ ആവശ്യമായ തുകയായ 6.65 കോടി രൂപ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പുരോഗതി സർക്കാർ അവലോകനം ചെയ്യുവരുന്നു.

പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിന് പ്രത്യേക പാക്കേജ്

199 (8035) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തന ഗോത്ര ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര കോടി രൂപയാണ് പാക്കേജ് വഴി ചെലവാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ചുള്ള പദ്ധതി പ്രവർത്തനങ്ങൾ 2011-12 വർഷത്തിൽ ആരംഭിച്ചു. 2011-12 മുതൽ 2014-15 വരെയുള്ള നാല് വർഷമാണ് പദ്ധതി കാലയളവ്. 2011-12 വർഷം പദ്ധതി പ്രവർത്തനങ്ങൾക്ക് വകകൊള്ളിച്ച 11.55 കോടി രൂപയിൽ 9.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13,'2013-14, 2014-15 (2014 ജൂൺ വരെ) വർഷങ്ങളിൽ യഥാക്രമം 36.93 കോടി, 56.82 കോടി, 5.15 കോടി രൂപ വീതം പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ചുവടെ ചേർക്കുന്ന പദ്ധതികളാണ് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്.

1. ഭവന നിർമ്മാണം
2. വൈദ്യുതീകരണം
3. കുടിവെള്ള പദ്ധതികൾ
4. മണ്ണ് സംരക്ഷണ പദ്ധതികൾ
5. റോഡ്
6. ആരോഗ്യ പരിപാലനം
7. പെരിപ്പതറ്റിക് സെന്ററുകൾ
8. സ്പെഷ്യൽ അംഗൻവാടികൾ
9. ഹെൽത്ത് പ്രൊമോട്ടർ
10. വനസംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണവും പരിശീലനവും
11. ഭക്ഷ്യ സഹായ പദ്ധതി
12. പ്ലാനിംഗ്, ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ്

(സി) 148 കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ഡി) പദ്ധതി നടത്തിപ്പിനായി കോഴിക്കോട് കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ടീം 2011 ഡിസംബർ അവസാനം രൂപീകരിക്കുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറുടെ

റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതുകൂടാതെ, പാലക്കാട്/തൃശ്ശൂർ, കൽപ്പറ്റ, ബത്തേരി, മാനന്തവാടി, പുൽപ്പള്ളി, നിലമ്പൂർ, കാസർകോട് എന്നിവിടങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി സെക്ടറൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, മണ്ണാർക്കാട് ആസ്ഥാനമാക്കി ഒരു സെക്ടറൽ ഓഫീസും കൂടി പുതുതായി അനുവദിച്ചിട്ടുണ്ട്.

പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രം രൂപം കൊടുത്ത പദ്ധതി

200 (8036) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രം രൂപം കൊടുത്ത പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര രൂപ ലഭിച്ചു ; എത്ര രൂപ ചെലവഴിച്ചു ;

(ബി) ഓരോ വർഷവും ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയത്, ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പാക്കിയത് ; ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്ര ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ; പദ്ധതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രം രൂപീകരിച്ച പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ കുറിക്കുന്നു:

	വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
1	2011-12	11.55 കോടി	9.77 കോടി
2	2012-13	37 കോടി	36.93 കോടി
3	2013-14	57 കോടി	56.82 കോടി

LIBRARY ARCHIVES Kerala Legislative Assembly